ശ്രീമതി കെ. ആർ. ഗൗരി : മൗണ്ടി കാഷ്യൂ ഡവലപ്പ്മെൻറ് സ്കീമിൽ പ്രൈവറ്റ് മേഖലയിൽ ചെലവഴിക്കാനുള്ള തുക പ്രത്യേകമായുണ്ട്. പൊതു മേഖലയിൽ പ്ലാൻേറഷൻ കോർപ്പറേഷനും പ്രത്യേകം തുകയുണ്ട്. ഈ രണ്ടു തുകകളും എത്രവീതമുണ്ട് ? അത് എത്രവീതം ചെലവഴിച്ചു എന്നും പറയുമോ ?

ശ്രീ. എ. എൽ. ജേക്കബ് : ആദ്യത്തെ ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ : ചോദ്യം 51. ഡോ. സുബ്ബറാവു

ഡോ. സുബ്ബറാവു : ഞാൻ ചോദ്യം ചോദിക്കുന്നില്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : രാജ്യരക്ഷാ നിയമങ്ങളെ ലംഘിക്കുന്ന മന്ത്രിമാരുടെ ചോദ്യങ്ങളും ചോദിക്കുന്നില്ല. ഇദ്ദേഹത്തിന് ഭരണഘടനാപരമായി മറുപടി പറയാനർഹതയില്ല. മന്ത്രിയായിരിക്കാനും മറുപടി പറയാനും അർഹത നഷ്ടപ്പെട്ട ശ്രീമാൻ ബീരാൻ മറുപടി പറയരുത്. രാജ്യരക്ഷാ നിയമം ലംഘിച്ച് ചാര പ്രവൃത്തിക്ക് കൂട്ടുനിന്ന മന്ത്രിയാണിദ്ദേഹം. അതുകൊണ്ട് ഇദ്ദേഹത്തിന് മന്ത്രിയായി തുടരാൻപോലും അർഹതയില്ല.

ശ്രീ. കെ. പി. പ്രഭാകരൻ : രാജ്യദ്രോഹിയായ മന്ത്രി അവിടെ തുടരുന്നതിനെ ഞങ്ങളും പ്രതിഷേധിക്കുന്നു.

(ബഹളം)

മി. സ്പീക്കർ : ഇത് ഇവിടെ ഇന്നലെ ചർച്ച ചെയ്ത വിഷയമാണ്. തന്നെയുമല്ല ഇനിയും മറ്റു പല ഫോമിൽക്കൂടി ചർച്ച ചെയ്യാനുള്ള അവസരങ്ങളും ഉണ്ടല്ലോ. പക്ഷേ ഒരു ചോദ്യത്തിന് മറുപടി പറയാൻ അനുവദിക്കുകയില്ലെന്ന് പറയുന്നത് ശരിയല്ല. ആ സമീപനം തെറ്റാണ്. ബഹുമാനപ്പെട്ട സുബ്ബറാവു ഉൾപ്പെടെയുള്ള അംഗങ്ങളും ചോദ്യം ചോദിക്കുന്നില്ലെന്ന് പറഞ്ഞു. ചോദ്യം ചോദിക്കാനും ചോദിക്കാതിരിക്കാനും നിങ്ങൾക്ക് അവകാശമുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ : അങ്ങ് നിയമസഭാ ചട്ടമാണ് പറയുന്നത്. നിയമസഭാചട്ടങ്ങളേക്കാളും വലിയ രാജ്യരക്ഷാ ചട്ടം ലംഘിച്ചയാളാണ് ഈ മന്ത്രി.

മി. സ്പീക്കർ : എല്ലാ ചട്ടങ്ങൾക്കും പ്രാധാന്യമുണ്ട്. ചെയർ നിയമസഭാ ചട്ടങ്ങളെ മാനിച്ചുകൊണ്ടാണ് മുന്നോട്ടു പോകുന്നത്.

ശ്രീ. എ. സി. ഷൺമുഖദാസ് : ചോദ്യം നടക്കട്ടെ. മുഖ്യമന്ത്രിയോ ഉപമുഖ്യമന്ത്രിയോ ചോദ്യത്തിന് മറുപടി പറയട്ടെ.

മി. സ്പീക്കർ : നിയമസഭാ ചട്ടങ്ങളാണ് ചെയറിനെ നയിക്കുന്നത്. നിയമസഭാ ചട്ടങ്ങളെ മാനിക്കാതിരിക്കാൻ നിവൃത്തിയില്ല.

പുതിയ റേഷൻ കാർഡുകൾ

* 48. [52] ശ്രീ. ടി. എച്ച്. മുസ്തഫ :
,, കെ. മുഹമ്മദാലി :
,, തച്ചടി പ്രഭാകരൻ :
,, കെ. രാഘവൻ മാസ്റ്റർ :
,, രമേശ് ചെന്നിത്തല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) പുതിയതായി വിതരണം ചെയ്യപ്പെട്ട റേഷൻ കാർഡുകളിലെ തെറ്റായ വിവരങ്ങളെപ്പറ്റിയുള്ള പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവ പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിക്കുകയുണ്ടായി ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതുതായി വിതരണം ചെയ്യപ്പെട്ട കാർഡുകളിൽ തെറ്റായ വിവരങ്ങൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നൽകിയിട്ടുണ്ട്. അതുപ്രകാരം നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് : തികച്ചും അർഹതയുള്ളവർക്ക് റേഷൻ കാർഡ് ലഭിക്കുവാൻ പല ബുദ്ധിമുട്ടുകളുമുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. യു. എ. ബീരാൻ : പുതിയ റേഷൻ കാർഡ് വിതരണം ചെയ്തപ്പോൾ അർഹതയുള്ളവർക്ക് എല്ലാവർക്കും റേഷൻ കാർഡ് വിതരണം ചെയ്യണം എന്നു പറഞ്ഞിട്ടുണ്ട്. അർഹതയുള്ള ആർക്കും റേഷൻ കാർഡ് നൽകാതിരുന്നിട്ടില്ല.

ശ്രീ. കെ. സി. ജോസഫ് : ഈ കാര്യത്തിൽ ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തു നിന്ന് കുറ്റകരമായ അനാസ്ഥ ഉള്ളതായി മനസ്സിലാക്കുന്നു. ആ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : ഇതിൽ ചില തെറ്റുകൾ വന്നിട്ടുണ്ട്. ആ തെറ്റുകൾ തിരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : വനപ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസികൾക്ക് റേഷൻ കാർഡ് കിട്ടുവാനുള്ള സാഹചര്യം പലപ്പോഴും നിഷേധിക്കപ്പെടുകയാണ്. അവർക്ക് വീട്ടു നമ്പർ ഇടാനുള്ള സൗകര്യമില്ല. അതുകൊണ്ട് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : വീട്ടു നമ്പരില്ലാത്ത വീടുകൾക്ക് നമ്പരുകളിട്ട് പുതുതായി റേഷൻ കാർഡുകൾ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആദിവാസികൾ താമസിക്കുന്ന പ്രദേശത്ത് റേഷൻ കാർഡ് വിതരണം നടത്തുന്നതിൽ പ്രത്യേകം ശ്രദ്ധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ലോക്കപ്പ് മരണങ്ങൾ

* 49. [53] ശ്രീ. സി. വാസുദേവമേനോൻ :
,, എം. വി. രാഘവൻ :
,, എം. ജിനദേവൻ :
,, കെ. ചന്ദ്രശേഖരൻ :
,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എവിടെയെല്ലാം ലോക്കപ്പ് മരണങ്ങൾ നടന്നിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly